<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2519</u> <u>24-06-2024 - ൽ മറുപടിയ്ക്ക്</u>

<u>മെഡിസെപ്പ് -ചികിത്സാ ചെലവുകള്‍ നല്‍കുന്നതിലെ മാനദണ്ഡങ്ങള്‍</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ കെ എന്‍ ബാലഗോപാല്‍<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മെഡിസെപ്പ് പദ്ധതിയില്‍ ചികിത്സാ ചെലവുകള്‍ നല്‍കുന്നതില്‍ എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | **23/06/2022 തീയതിയിലെ ജി ഒ (പി) നം.70/2022/ധന സര്‍ക്കാര്‍ ഉത്തരവ് പ്രകാര 01.07.2022 ല്‍ നിലവില്‍ വന്ന സര്‍ക്കാര്‍ ജീവനക്കാരുടെയും പെന്‍ഷന്‍കാരുടെയും സമഗ്ര ആരോഗ്യ ഇന്‍ഷ്വറന്‍സ് പദ്ധതിയായ മെഡിസെപ് പ്രകാരം പദ്ധതിയില്‍ എംപാനല്‍ ചെയ്യപ്പെട്ട ആശുപത്രികളിലെ പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുള്ള ചികിത്സാ വിഭാഗങ്ങള്‍ക്ക് പണരഹിത ചികിത്സ ലഭ്യമാകുന്നതാണ്. അടിസ്ഥാന ചികിത്സാ പാക്കേജില്‍ ചികിത്സാ നടപടി ചെലവ് (procedure cost), Implant cost, മുറിവാടക എന്നിവ ഉള്‍പ്പെട്ടിട്ടുണ്ട്. 30 ചികിത്സാ വിഭാഗങ്ങളിലായി 1920 ചികിത്സാ പാക്കേജും 12 മാരക രോഗങ്ങള്‍ക്കുള്ള ചികിത്സാ പാക്കേജും മുറിവാടകയുടെ നിരക്കും സംബന്ധിച്ച വിശദവിവരങ്ങള്‍ മേല്‍ ഉത്തരവിന്റെ അനുബന്ധമായി ചേര്‍ത്തിട്ടുണ്ട്. ചികിത്സയ്ക്കായി ആശുപത്രിയില്‍ എത്തുന്ന മെഡിസെപ് ഗുണഭോക്താക്കള്‍ പണരഹിത ചികിത്സ ലഭിക്കുന്നതിനായി ഡൗണ്‍ലോഡ് ചെയ്തെടുത്ത മെഡിസെപ് ഐ .ഡി. കാര്‍ഡും ഏതെങ്കിലും ഒരു ഫോട്ടോ പതിപ്പിച്ച തിരിച്ചറിയല്‍ കാര്‍ഡും (Aadhaar card, PAN card, Voter's ID card, Passport, Driving Licence, Employee ID, Ration card, Bank Pass Book etc.) ആശുപത്രിയില്‍ ഹാജരാക്കി പ്രീ ആതറൈസേഷന്‍ ഉറപ്പ് വരുത്തേണ്ടതാണ്. പ്രീ ആതറൈസേഷനുള്ള അപേക്ഷ ലഭിച്ച് 12 മണിക്കൂറിനുള്ളില്‍ ഇത് സംബന്ധിച്ച കമ്പനിയുടെ തീരുമാനം ആശുപത്രികളെ അറിയിക്കുന്നതുമാണ്. അടിയന്തര** |

| | | | |
|---|---|---|---|
| | | | **സാഹചര്യത്തിൽ പ്രീ ആതറൈസേഷൻ സമർപ്പിക്കുന്നതിനും അംഗീകരിക്കുന്നതിനുമുള്ള സമയ പരിധിയിൽ ഇളവ് അനുവദിക്കുകയും ചെയ്യുന്നു. ഇതിനു പുറമെ മെഡിസെപ് പദ്ധതിക്കു വേണ്ടി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ ഒപ്പുവെച്ച ധാരണാപത്രം (MoU) പ്രകാരം വാഹനാപകടം, പക്ഷാഘാതം, ഹൃദയാഘാതം എന്നീ അടിയന്തര സാഹചര്യങ്ങളിൽ മാത്രം മെഡിസെപ് -ൽ എംപാനൽ ചെയ്യപ്പെട്ടിട്ടില്ലാത്ത ആശുപത്രികളിൽ ചെയ്യുന്ന അടിയന്തര ചികിത്സ/ശസ്ത്രക്രിയകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ഇൻഷ്വറൻസ് കമ്പനി റീ-ഇംപേഴ്സ്മെന്റ് അനുവദിക്കുന്നതുമാണ്.** |
| (ബി) | ചികിത്സാ ചെലവുകൾ ആശുപത്രികൾക്ക് ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നുണ്ടോ; ഇക്കാരണത്താൽ ചില ആശുപത്രികൾ പദ്ധതിയിൽനിന്ന് പിൻവാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | ചികിത്സാ ചെലവുകൾ ആശുപത്രികൾക്ക് ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നതായോ അക്കാരണത്താൽ ആശുപത്രികൾ പദ്ധതിയിൽ നിന്ന് പിൻവാങ്ങിയതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 18.06.2024 ലെ കണക്കനുസരിച്ച് ക്ലെയിമുകളിൽ ആശുപത്രി സമർപ്പിച്ച 97.7% വും തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ